# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2724 06/11/2019 ൽ മറുപടിയ്ക്ക്

കാർബൺ ന്യൂട്രൽ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.എം.ഉമ്മർ<br>,, അബ്ദുൽ ഹമീദ് പി.<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ നേരിടുന്നതിന് കാർബൺ ന്യൂട്രൽ എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | എ & ബി | നിലവിൽ നടപ്പിലാക്കിവരുന്ന വനവൽക്കരണ പദ്ധതികളെല്ലാം തന്നെ കാർബൺ ന്യൂട്രൽ എന്ന ലക്ഷ്യം മുൻനിർത്തിയുള്ളതാണ്.<br>ഹരിതകേരളം, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോരസംരക്ഷണം, Institutional Plantation, കണ്ടൽ വനവൽക്കരണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ തടി-ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. മേൽ പദ്ധതികൾ എല്ലാം തന്നെ , ജൈവ വൈവിദ്ധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ്, ജല സംരക്ഷണം ഉറപ്പാക്കുക, ഗാർഹിക-വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെയാണ് നടപ്പിലാക്കി വരുന്നത്. അന്തരീക്ഷത്തിലുണ്ടാകുന്ന കാർബൺ അതിപ്രസരം കുറയ്ക്കുന്നതിനായുള്ള അവബോധം സൃഷ്ടിക്കുന്നതിനായി വനംവകുപ്പ് വിവിധ രീതിയിലുള്ള ബോധവത്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നു. സ്കൂളുകളിലും കോളേജുകളിലും ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിക്കുകയും, അവയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഫോറസ്ട്രി ക്ലബ്ബുകളുടെ നേതൃത്വത്തിൽ പരിസ്ഥിതി പ്രാധാന്യമുള്ള വിശേഷദിനങ്ങളിൽ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, ചർച്ചാക്ലാസുകൾ തുടങ്ങിയവ നടത്തിവരുന്നു. കൂടാതെ വനം വകുപ്പ് നേച്ചർ ക്യാമ്പുകൾ, എക്സിബിഷനുകൾ, ബോധവത്-കരണ ക്ലാസുകൾ എന്നിവയും നടത്തിവരുന്നു. കുട്ടികളെയും പൊതുജനങ്ങളെയും ബോധവത്-കരിക്കുവാൻ ഇത്തരം പരിപാടികൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. |
| ബി | എങ്കിൽ വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ